# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 16/05/ 2020


## കാറന്റൈൻ ലംഘനങ്ങൾ ഒഴിവാക്കാൻ കർശന നിരീക്ഷണവുമായി കൊല്ലം സിറ്റി പോലീസ്

കൊല്ലം : വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ നിഷ്കർഷകൾ പാലിക്കുന്നുണ്ട് എന്നും ക്വാറന്റൈൻ കേന്ദ്രത്തിൽ നിന്നും പുറത്ത് പോകുന്നില്ല എന്നും ഉറപ്പ് വരുത്തുന്നതിനായി ബൈക്ക് പട്രോളിംഗ് ഉൾപ്പെടെയുള്ള ശക്തമായ നിരീക്ഷണ സംവിധാനങ്ങളാണ് പോലീസ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ഉത്തരവ് ലംഘിച്ച് കൊല്ലം സിറ്റിയിലെ വിവിധ ഭാഗങ്ങളിൽ മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 90 പേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് യാതൊരുവിധ രേഖകളുമില്ലാതെ വാഹനങ്ങളിൽ സഞ്ചരിച്ചതിനും പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിനുമായി 97 കേസുകൾ രജിസ്റ്റർ ചെയ്തു കേസുകളിലുൾപ്പെട്ട 96 പേരെ അറസ്റ്റ് ചെയ്യുകയും 54 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

കൊല്ലം ഈസ്റ്റ്,വെസ്റ്റ്,ചവറ തുടങ്ങിയ സ്റ്റേഷൻ പരിധികളിൽ ലോക്-ഡൗൺ ലംഘനം നടത്തിയും സാമൂഹ്യ അകലം പാലിക്കാതെയും പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചതിന് 30 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ഇതര സംസ്ഥാനങ്ങളിലേക്ക് പോകുന്നതിനായി ക്യാമ്പുകളിൽ കഴിയുന്ന അതിഥി തൊഴിലാളികൾക്ക് പോലീസ് ഉദ്യോഗസ്ഥർ ബോധവൽകരണം നടത്തി വരുന്നു.

സർക്കാർ നിർദേശ പ്രകാരം ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും പ്രവേശിപ്പിച്ചിരിക്കുന്നവർ യാതൊരു കാരണവശാലും നിരീക്ഷണ കേന്ദ്രം വിട്ട് പുറത്ത് പോകരുതെന്നും അത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.